**പതിമൂന്നാം കേരള നിയമസഭ**

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2380

18.12.2012 ൽ മറുപടിയ്ക്ക്

**<u>സർക്കാർ ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. കെ.എം.മാണി<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ ഓരോ ജീവനക്കാരനും എത്ര രൂപയാണ് അടയ്ക്കേണ്ടത്; എത്ര രൂപയാണ് പോളിസി പീരിയഡിൽ ഉണ്ടാകുന്ന അപകടത്തിൽ ജീവനക്കാരന് / ആശ്രിതർക്ക് ലഭിക്കുന്നത്; | സർക്കാർ ജീവനക്കാർ, എയിഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ, യുണിവേഴ്സിറ്റി ജീവനക്കാർ, പഞ്ചായത്ത് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർ, കോ-ഓപ്പറേറ്റീവ് ജീവനക്കാർ എന്നിവർക്ക് സേവന നികുതി ഉൾപ്പെടെ 200/- രൂപ (178 + 22)<br>കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് - സേവന നികുതി ഉൾപ്പെടെ 300/- രൂപ (267 + 33)<br>കെ.എസ്.ഇ.ബി ജീവനക്കാർക്ക് - സേവന നികുതി ഉൾപ്പെടെ 500/- രൂപ (445 + 55)<br>നഷ്ടപരിഹാര നിരക്കുകൾ ഇനി പറയും പ്രകാരമാണ്.<br>അപകടം, പാമ്പുകടി, പേപ്പട്ടി വിഷബാധ എന്നിവ മൂലം മരണമോ അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യമോ സംഭവിച്ചാൽ 8,00,000/- രൂപയും അപകടം മൂലം മറ്റ് സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ 4,00,000/- രൂപയും നഷ്ടപരിഹാരം നൽകുന്നു. |

| | |
|---|---|
| (ബി) കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പ്രീമിയം തുക അധികമായി പിടിക്കുന്നത് എന്തുകൊണ്ടാണ് എന്നു വ്യക്തമാക്കുമോ; | 2011-12 കാലയളവിൽ കെ.എസ്.ഇ.ബി യിൽ നിന്നും 32000 ജീവനക്കാരാണ് അംഗമായിട്ടുള്ളത്. 200/- രൂപ വീതം പ്രീമിയമായി 64,00,000/- രൂപയാണ് ലഭിച്ചിട്ടുള്ളത്. ഈ കാലയളവിൽ 37 ക്ളയിമുകൾ റിപ്പോർട്ട് ചെയ്യുകയും ക്ളെയിമായി 2,96,00,000/- രൂപ നൽകുകയും ചെയ്തു. (അതായത്, പ്രീമിയമായി കിട്ടിയ തുകയുടെ 4 മടങ്ങിൽ കൂടുതൽ തുക ക്ളെയിം ആയി കൊടുത്തു). കെ.എസ്.ആർ.ടി.സി യിൽ നിന്നും 30000 ജീവനക്കാരാണ് അംഗമായിട്ടുള്ളത്. 60,00,000/- രൂപയാണ് പ്രീമിയമായി ലഭിച്ചിട്ടുള്ളത്. ഈ കാലയളവിൽ 10 ക്ളയിമുകൾ റിപ്പോർട്ട് ചെയ്യുകയും 80,00,000/- രൂപ നഷ്ടപരിഹാരമായി നൽകുകയും ചെയ്തു. ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളും ഹൈറിസ്കിൽപ്പെടുന്നതുകൊണ്ടാണ് പ്രീമിയം വർദ്ധിപ്പിച്ചിട്ടുള്ളത്. |
| (സി) എല്ലാ വിഭാഗം ജീവനക്കാരെയും ഒരു പോലെ കണ്ട് എല്ലാവരുടേയും പ്രീമിയം 200 രൂപയാക്കുന്ന കാര്യം പരിഗണിക്കുമോ? | കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഹൈറിസ്കിൽ പ്പെടുന്നതിനാൽ മുൻ വർഷങ്ങളിലെ പോലെ എല്ലാവർക്കും 200/- രൂപയാക്കുവാൻ സാധിക്കുകയില്ല. റിസ്ക് കൂടുന്നതിനനുസരിച്ച് പ്രീമിയം തുക വർദ്ധിപ്പിക്കുക എന്ന ഇൻഷ്വറൻസ് അടിസ്ഥാന തത്വം അനുസരിച്ചാണ് വിവിധ വിഭാഗം ജീവനക്കാർക്ക് വ്യത്യസ്തമായ പ്രീമിയം തുക നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ